LIBRARY ARCHIVES Kerala Legislative Assembly

നെയ്യാറ്റിൻകരയിലെ കെ.എസ്.എഫ്.ഡി.സി. തിയേറ്റർ

239(745) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ച കെ.എസ്.എഫ്.ഡി.സി. തീയേറ്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിയേറ്റർ നിർമ്മാണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ആയതിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബിയിൽ നൽകിയതെന്ന് വിശദമാക്കാമോ?

ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ട്. 16.37 കോടി രൂപയുടെ ഡി.പി.ആർ ആണ് കിഫ്ബിക്ക് നൽകിയിട്ടുള്ളത്.

ചലച്ചിത്ര അക്കാദമി ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

240(746) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഇടതുപക്ഷ അനുഭാവികളായ താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ചലച്ചിത്ര അക്കാദമി ചെയർമാൻ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം ഏതെല്ലാം തസ്തികയിൽ നിയമിക്കണമെന്നാവശ്യപ്പെട്ടാണ് കത്ത് നൽകിയത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്; ശ്രീ, ഷാജി. എച്ച് - ഡെപ്യൂട്ടി ഡയറക്ടർ-ഫെസ്റ്റിവൽ, ശ്രീ. റിജോയ്. കെ. ജെ- പ്രോഗ്രാം മാനേജർ-ഫെസ്റ്റിവൽ, ശ്രീ എൻ. പി. സജീഷ് - ഡെപ്യൂട്ടി ഡയറക്ടർ-പ്രോഗ്രാംസ്, ശ്രീ. വിമൽകുമാർ വി. പി പ്രോഗ്രാം മാനേജർ-പ്രോഗ്രാംസ് എന്നീ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടത്.

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച തുടർനടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ?